# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3937** **21.06.2019-ൽ മറുപടിക്ക്**

ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>,, പി.ടി.എ. റഹീം<br>,, പി.കെ. ശശി<br>,, വി. അബ്ദുറഹിമാൻ | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖലയിലെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി വിതരണ നഷ്ടം പരമാവധി കുറച്ച് ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ദ്യുതി-2021 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ആധുനികവത്കരിക്കുകയും ചെയ്തു കൊണ്ട് സുരക്ഷയ്ക്ക് പ്രധാന്യം നൽകി വിതരണ നഷ്ടം പരമാവധി കുറച്ചുകൊണ്ട് ഗുണമേന്മയുള്ള വൈദ്യുതി തടസ്സമില്ലാതെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുക എന്നതാണ് 2021 - ഓടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന 'ദ്യുതി ' 2021 പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) ദ്യുതി 2021 പദ്ധതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയാണ്. ആയതിനായി HT ലൈനുകൾ പുതുതായി നിർമ്മിക്കുകയും, ലോഡ് സെന്ററുകളിൽ ട്രാൻഫോർമറുകൾ സ്ഥാപിക്കുകയും, ശൃംഖലകളിൽ ബാക്ക് ഫീഡിങ്ങ് സംവിധാനം ഉറപ്പുവരുത്തുകയും, പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുകയും (റീകണ്ടക്ടറിങ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന വൈദ്യുതി അപകടങ്ങൾക്ക് കാരണമായേക്കാവുന്ന ലൈനുകൾ മാറ്റി സ്ഥാപിക്കുകയും, ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണ വേലി സ്ഥാപിക്കുകയും, ഇലക്ട്രിക്കൽ ലൈനുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും നിലവാരം ഉയർത്തി സ്റ്റാൻഡേർഡൈസേഷൻ ചെയ്യുക തുടങ്ങിയ വർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) ദ്യുതി 2021 പ്രവൃത്തികൾ വിതരണമേഖലയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ചു പ്രവർത്തനം നടത്തി വരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃഖലയുടെ GIS അധിഷ്ഠിത രേഖാ ചിത്രം കെ.എസ്.ഇ.ബി.ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് (D.P.R) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ദ്യുതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വർക്കുകളും ഗുണ നിലവാരം ഉറപ്പാക്കി നിർവ്വഹിക്കുക എന്നത് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ ഉത്തരവാദിത്തമാണ്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4036.30 കോടി രൂപയുടെ പ്രവൃത്തികളാണ് 2018 മുതൽ 2021 വരെയുള്ള നാല് വർഷ കാലയളവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട ഏകദേശം 85.74 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ